**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5187** **21-03-2025 - ൽ മറുപടിയ്ക്ക്**

**കർഷക ക്ഷേമനിധിയിലേക്കുള്ള ഗ്രാന്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ കർഷക ക്ഷേമനിധിയിലേക്ക് ഗ്രാന്റ് ആയി എത്ര തുക നൽകിയിട്ടുണ്ടെന്ന് സാമ്പത്തിക വർഷാടിസ്ഥാനത്തിൽ ഇനം തിരിച്ച് വിശദമാക്കാമോ; | (എ) | 2020-21 സാമ്പത്തിക വർഷത്തിൽ രൂപീകരിക്കപ്പെട്ട കേരള കർഷക ക്ഷേമ നിധി ബോർഡിന് നാളിതു വരെ സർക്കാരിൽ നിന്നും അനുവദിച്ചിട്ടുള്ള തുക ചുവടെ ചേർക്കുന്നു.<br><br>2020-21 1 കോടി രൂപ<br><br>2021-22 1.10 കോടി രൂപ<br><br>2022-23 1 കോടി രൂപ<br><br>2023-24 1 കോടി രൂപ<br><br>2024-25 2 കോടി രൂപ<br><br>ബഡ്ജറ്റ് വിഹിതം പൂർണമായും ഭരണ നിർവഹണ ചെലവുകൾക്കായാണ് അനുവദിച്ചിരിക്കുന്നത്. |
| (ബി) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ കർഷകർക്ക് പെൻഷൻ നൽകിയ ഇനത്തിൽ ചെലവഴിച്ച തുക എത്രയാണെന്ന് സാമ്പത്തിക വർഷാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ? | (ബി) | കേരള കർഷക ക്ഷേമ നിധി പദ്ധതിയിലേക്കുള്ള അംഗത്വ രജിസ്ട്രേഷൻ ആരംഭിച്ചിട്ടുള്ളത് 2021 ഡിസംബർ ഒന്നാം തീയതി മുതലാണ്. ക്ഷേമനിധി പദ്ധതിയിൽ ചേർന്ന് 5 വർഷത്തിൽ കുറയാതെ അംശദായം അടയ്ക്കുന്ന അംഗങ്ങൾക്കാണ് ആനുകൂല്യത്തിനും പെൻഷനും അർഹതയുള്ളത്. പദ്ധതിയിൽ ചേർന്ന് 5 വർഷം പൂർത്തീകരിക്കാത്തതിനാൽ ആനുകൂല്യങ്ങളും പെൻഷനും നല്കാറായിട്ടില്ല. |

സെക്ഷൻ ഓഫീസർ